# കോഴിക്കോട്

## ചരിത്രത്തിൽനിന്ന് ചില ഏടുകൾ

എം.ജി.എസ്. നാരായണൻ

•

പ്രതീക്ഷ ബുക്സ്
PRATHEEKSHA BOOKS
കോഴിക്കോട്

KOZHIKODE: CHARITHRATHIL NINNU CHILA EDUKAL *(Malayalam)*
*(History)*
*By* M.G.S. NARAYANAN
Publishers:
**PRATHEEKSHA BOOKS**
P.O. Merikkunnu, Kozhikode- 673 012, Kerala State, India,
E-mail : pratheekshabooks@gmail.com
First Edition : May 2011
Cover & Layout : Nasar Eramangalam, Printers: Printarts Offset, Feroke
Rights with the Author
KCC Sub 90, SN 605/2000
**Price ₹ : 120.00**

**Distribution**

I.P.H. Fourland Building, Rajaji Road, Kozhikode -673 004, E-mail : iphcalicut@gmail.com
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Eranakulam - 682 035
I.P.H, I.P.H. Tower, P.O. Road, Thrissur -680 001
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -670 001
I.P.H, Masjid Building, Kunnummal, Malappuram -676 505
I.P.H, M.P. Road, Kozhikode - 673 001

## എം.ജി.എസ്. നാരായണൻ

**മു**റ്റായിൽ ഗോവിന്ദമേനോൻ ശങ്കരനാരായണൻ (എം.ജി.എസ്. നാരായണൻ) 1932 ആഗസ്ത് 20-ാം തീയതി പൊന്നാനിയിൽ ജനിച്ചു. അച്ഛൻ: ഡോക്ടർ കെ.പി. ഗോവിന്ദമേനോൻ. അമ്മ: മുറ്റായിൽ നാരായണി അമ്മ

സ്വദേശമായ പരപ്പനങ്ങാടിയിലും പൊന്നാനി എ.വി. ഹൈസ്കൂൾ, കോഴിക്കോട് സാമൂതിരി കോളേജ്, ഫറോക്ക് കോളേജ്, തൃശൂർ കേരള വർമ്മ കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടെ ചരിത്രത്തിൽ എം.എ ബിരുദം നേടിയ ശേഷം കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ (പഴയ സാമൂതിരി കോളേജ്) ചരിത്രാധ്യാപകനായി ചേർന്നു (1953). യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഫെല്ലോഷിപ്പോടെ (1960) കേരള സർവ്വകലാശാലയിൽ കേരള ചരിത്ര ഗവേഷണം തുടങ്ങി. പ്രഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ സഹായത്തോടെ പഴയലിപികളിലും ഭാഷകളിലും പരിചയം നേടി. പുരാലേഖ്യങ്ങളും തമിഴ്-സംസ്കൃത ഗ്രന്ഥങ്ങളും പുരാവസ്തുപഠനങ്ങളും ആധാരമാക്കി ക്രിസ്തു ഒമ്പതു മുതൽ പന്ത്രണ്ട് വരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തെ അധികരിച്ച് തയ്യാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി ബിരുദം ലഭിച്ചു. (1973)

കേരള സർവ്വകലാശാലയുടെ കോഴിക്കോട്ടുള്ള ബിരുദാനന്തര പഠന കേന്ദ്രത്തിൽ ചരിത്രാധ്യാപകനായി ചേർന്നു (1965). പിന്നീട് ആ കേന്ദ്രം കാലിക്കറ്റ് സർവ്വകലാശാലയുടെ ഭാഗമായപ്പോൾ അവിടെ ചരിത്ര വിഭാഗം അധ്യക്ഷനായി ജോലി ചെയ്തു. 1970-90 കാലയളവിൽ പ്രൊഫസറും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനും ഫാക്കൽറ്റി ഡീനും ആയിരുന്നു.

1976 മുതൽ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിൽ ലോക്കൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നിങ്ങനെ പല ചുമതലകളും വഹിച്ചു. 1972 മുതൽ കേന്ദ്രസർക്കാറിന്റെ കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ പ്രവർത്തനങ്ങളിൽ പലവിധത്തിലും പങ്കെടുത്തു. 1990 -ൽ മെമ്പർ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1992-ൽ വിരമിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയിലും മംഗലാപുരം സർവ്വകലാശാലയിലും വിസിറ്റിങ്ങ് പ്രൊഫസർ ആയിരുന്നു.

ഇന്ത്യക്ക് പുറമേ ലണ്ടൻ സർവ്വകലാശാല (കോമൺ വെൽത്ത് അക്കാഡമിക്ക് സ്റ്റാഫ് ഫെല്ലോ- 1974-75), മോസ്കോ ലെനിൻ ഗ്രാഡ് സർവ്വകലാശാലകൾ (വിസിറ്റിങ്ങ് ഫെല്ലോ- 1991), വിദേശ പഠനങ്ങൾക്കുള്ള ടോക്കിയോ സർവ്വകലാശാല (വിസിറ്റിങ്ങ് റിസർച്ച് പ്രൊഫസർ 1994-95) എന്നീ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

യു.ജി.സി, എൻ.സി.ഇ.ആർ.ടി, യു.പി.എസ്.സി മുതലായ ദേശീയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സഹകരണം നൽകിയിട്ടുണ്ട്. കേരള ചരിത്രം, തമിഴകചരിത്രം, പ്രാചീന ഭാരതീയ ചരിത്രം, ചരിത്ര രചനാപദ്ധതി എന്നീ മേഖലകളിലാണ് ഗവേഷണ പഠനങ്ങൾ ഏറ്റെടുത്തത്. അറുപതോളം ഗവേഷണ പ്രബന്ധങ്ങൾ ദേശീയ അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ വെളിച്ചം കണ്ടു. അര ഡസൻ ബിരുദാനന്തര ഗവേഷണങ്ങളിൽ മേൽനോട്ടം വഹിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ആയി ഇരുന്നൂറോളം ജനപ്രിയ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിനു പുറമേ സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്, എപ്പിഗ്രാഫിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, പ്ളേസ് നെയിം സൊസൈറ്റി ഓഫ് ഇന്ത്യ എന്നീ അക്കാഡമിക് സംഘടനകളിൽ ഔദ്യോഗിക സ്ഥാനങ്ങളും ഉത്തരവാദിത്തങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ജേർണൽ ഓഫ് ഇന്ത്യൻ ഹിസ്റ്ററി, ഇന്ത്യൻ ഹിസ്റ്റോറിക്കൽ റിവ്യൂ, എൻ.സി.ഇ.ആർ.ടി പാഠപുസ്തക കമ്മിറ്റി എന്നിവയിൽ എഡിറ്റോറിയൽ സമിതി അംഗമായിരുന്നു.

പ്രധാനഗ്രന്ഥങ്ങൾ:

Cultural Symbiosis in Kerala, 1972

Aspects of Aryanisation in Kerala, 1973

Historical Studies in Kerala, 1976

Kerala Through the Ages(Editor) Ancient period 1976

Re- Interpretations in South Indian History, 1977

Foundation of South Indian Society and Culture, 1994

Malabar, 1994 (Edited)

Perumals of Kerala, 1996

Calicut: The City of  Truth Revisited, 2006

ഇന്ത്യാ ചരിത്ര പരിചയം, 1969

കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, 1971,2000

സാഹിത്യാപരാധങ്ങൾ, 1970

കോഴിക്കോടിന്റെ കഥ 2001

ജനാധിപത്യവും കമ്യൂണിസവും 2004

സെക്കുലർ ജാതിയും സെക്കുലർ മതവും, 2001

കേരളത്തിന്റെ സമകാലിക വ്യഥകൾ 2010

സാഹിത്യം, ചിത്രകല എന്നിവയാണ് ഹോബികൾ. മാതൃഭാഷയ്ക്ക് പുറമേ ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ കൈകാര്യം ചെയ്യുന്നു. വട്ടെഴുത്ത്, ബ്രാഹ്മി, ഗ്രന്ഥം എന്നീ ലിപികൾ അറിയാം.

ഭാര്യ: വി.സി. പ്രേമലത, മക്കൾ: എൻ. വിജയകുമാർ(വിംഗ് കമാണ്ടർ, ഇന്ത്യൻ എയർഫോഴ്സ്, ബാംഗ്ലൂർ), എൻ. വിനയ, വിലാസം: മൈത്രി, മലാപ്പറമ്പ് കോളനി, കോഴിക്കോട് 673009

E mail:- mgsnarayanan@gmail.com

●



**സമർപ്പണം**

●

ഐതിഹ്യങ്ങളും കെട്ടുകഥകളുമായി താളിയോലകളിൽ
കഴിഞ്ഞുകൂടിയ കേരളത്തിന്റെ ആദ്യകാല
ചരിത്രത്തെ സമകാലിക പ്രമാണങ്ങളുടെ സഹായ
ത്തോടെ ശാസ്ത്രീയമായി അപഗ്രഥിച്ച് ആധുനികമായ
ഒരടിത്തറ നിർമിച്ച സത്യസന്ധനായ ഗവേഷകന്റെ
-പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ-
സ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ
അർപ്പിച്ചുകൊണ്ട് വിനയപൂർവം
ഈ ചെറിയ ഗ്രന്ഥം
സമർപ്പിക്കുന്നു.

# ആമുഖം

**ഈ** പുസ്തകത്തിലൂടെ കടന്നുപോകുന്ന വായനക്കാർ കാണുന്നത് കോഴിക്കോട് നഗരത്തിന്റെയോ രാജ്യത്തിന്റെയോ ഒരു തുടർച്ചയായ ചരിത്രമല്ല. മറിച്ച് നിറക്കൂട്ടുള്ളതോ നാടകീയതയുള്ളതോ ആയ ചില ഏടുകൾ സാമാന്യ വായനക്കാർക്ക് രസകരമായി തോന്നാവുന്ന രീതിയിൽ ചേർത്തുവെച്ചിരിക്കയാണ്.

കോഴിക്കോടിനെ പറ്റി ഞാൻ *മാതൃഭൂമി, മനോരമ, മാധ്യമം* തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ വിശേഷാൽപ്രതികൾക്കുവേണ്ടി പലപ്പോഴായി എഴുതിയ പത്തു ലേഖനങ്ങൾ *കോഴിക്കോടിന്റെ കഥ* എന്ന പേരിൽ പുറത്തുവന്നിട്ടുണ്ട്. മഹാനായ ചേറ്റൂർ ശങ്കരൻ നായരുടെ പേരിൽ ഒറ്റപ്പാലത്തുള്ള ഫൗണ്ടേഷനാണ് ആ പുസ്തകം ഇറക്കിയത്. അന്നത്തെ സാമൂതിരിപ്പാട് തന്നെ അദ്ദേഹത്തിന്റെ പേരിലുള്ള ഗുരുവായൂരപ്പൻ കോളേജിൽ വെച്ചാണ് അത് പ്രകാശിപ്പിച്ചത്. ആ ലേഖനങ്ങളിൽ അഞ്ചെണ്ണം സാമാന്യ സ്വഭാവമുള്ളവയും ബാക്കി അഞ്ചെണ്ണം ഗവേഷണപരവുമായിരുന്നു. പിന്നീട് ഇംഗ്ലീഷിൽ കാലിക്കറ്റ് സർവകലാശാലക്കുവേണ്ടി അന്നത്തെ വൈസ് ചാൻസലറായിരുന്ന പ്രൊഫ.ഇഖ്ബാൽ ഹസ്നൈനിന്റെ പ്രേരണയിൽ *Calicut: The City of Truth Revisited* എന്ന ചരിത്രഗ്രന്ഥം ഞാൻ തയ്യാറാക്കി. അഞ്ചു വർഷത്തേക്കു കാലിക്കറ്റ് സർവകലാശാല പുസ്തക വിഭാഗത്തിന് പ്രസിദ്ധീകരണാവകാശം നൽകാൻ ഞാൻ തയ്യാറായെങ്കിലും എന്റെ സുഹൃത്തായിരുന്ന വൈസ് ചാൻസലർ തിരിച്ചുപോയതോടെ സർവകലാശാലക്കു പുസ്തകത്തിൽ താൽപര്യമില്ലാതായി. അവർ അതു പരസ്യപ്പെടുത്തുകയോ റിവ്യൂ ചെയ്യാൻ അയച്ചുകൊടുക്കുകയോ ചെയ്തില്ല. പ്രൂഫ് വായനയിൽ തിരുത്താവുന്ന പല തെറ്റുകളും അശ്ര

ദ്ധമൂലം അങ്ങനെതന്നെ അവശേഷിച്ചു. ഞാനും എന്നെ സഹായിച്ച ഡോ. മുഹമ്മദ് അൻവറും കൂടി തയ്യാറാക്കിയ പദസൂചിയിൽ ചെറിയ ഒരു ഭാഗം മാത്രമാണ് അവർ പുസ്തകത്തിൽ ചേർത്തത്. എങ്കിലും ആ പുസ്തകത്തിന്റെ രചന എനിക്കൊരു പാഠമായി; വഴിത്തിരിവായി. "നിങ്ങൾ ഗവേഷകന്മാർ എഴുതുന്ന ഗ്രന്ഥങ്ങൾ ആരും ഇഷ്ടപ്പെട്ട് വായിക്കില്ല. നിങ്ങളെ വിമർശിക്കാൻ വേണ്ടി മറ്റു ഗവേഷകന്മാർ മാത്രമേ അതു വായിക്കൂ. സാധാരണക്കാരന് വായിക്കാൻ തോന്നുന്ന ഒരു ഗ്രന്ഥമാണ് എനിക്കു വേണ്ടത്. ഗവേഷണാധിഷ്ഠിതമാകണം; എന്നാൽ വായനാ സൗഹൃദവും പുലർത്തണം" എന്നാണ് പ്രൊഫ. ഹസ്നൈൻ എന്നോടാവശ്യപ്പെട്ടത്. വിദ്യാർഥികൾക്ക് കൂടി വാങ്ങാൻ തക്കവണ്ണം വിലകുറച്ച് വിൽക്കണമെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഇത് ഒരു അസാധ്യ കൽപനയാണെന്നും എന്നാൽ ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് പരീക്ഷിക്കാമെന്നും ഞാൻ തീരുമാനിച്ചു. ഗവേഷണ പ്രതിബദ്ധതയും വായനാസൗഹൃദവും ഒന്നിച്ചുകൊണ്ടുപോകാൻ പ്രയാസമാണ്. എങ്കിലും ശ്രമിക്കാം. അങ്ങനെ ശ്രമിച്ചു. അതിന്റെ ഫലമാണ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച പുസ്തകം.

ഉത്തർപ്രദേശിലും ദൽഹിയിലും ഹിന്ദു-മുസ്‌ലിം സമുദായങ്ങൾ തമ്മിലുള്ള ദൂരം കണ്ടറിഞ്ഞ പ്രൊഫ. ഹസ്നൈന് കോഴിക്കോട്ട് വന്നപ്പോൾ കാണാൻ കഴിഞ്ഞ വ്യത്യാസമാണ് അദ്ദേഹത്തെ ചിന്തിപ്പിച്ചത്. അതെങ്ങനെ വന്നുവെന്ന് എന്നോടന്വേഷിച്ചപ്പോൾ ചരിത്രപരമായ കാരണങ്ങളാണ് അതിന് പിന്നിലെന്നും കോഴിക്കോട് നഗരവും രാജ്യവും ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ സൃഷ്ടിയാണെന്നും ഞാൻ വ്യാഖ്യാനിച്ചു. കോഴിക്കോടിന്റെ ചരിത്രം ലോക ചരിത്രത്തിൽതന്നെ സെക്യുലറിസത്തിന്റെ ഏറ്റവും ശക്തമായ ഏറ്റവും പഴയ മാതൃകയാണ്. ഇന്ത്യക്കും മറ്റു രാജ്യങ്ങൾക്കും അനുകരണീയമാണ്. അങ്ങനെയെങ്കിൽ താങ്കൾ തന്നെ വിശ്വസനീയമായ വിധത്തിൽ അതെഴുതണം എന്നായിരുന്നു പ്രൊഫ. ഹസ്നൈന്റെ നിർബന്ധം. ഞാനതിനായി പ്രയത്നിച്ചു; വലിയൊരളവോളം വിജയിക്കുകയും ചെയ്തു എന്നാണെന്റെ വിശ്വാസം. *Cultural Symbiosis in Kerala* എഴുതിയ കാലത്തുതന്നെ (1972) കേരളത്തിലെ മതസമുദായങ്ങളുടെ ഈ പരസ്പരാശ്രയ പ്രതിഭാസം എന്നെ ആകർഷിച്ചിരുന്നു. എന്നാൽ സാധാരണ വായനക്കാരനെ അതിലേക്ക് ആകർഷിക്കുക എന്ന ദൗത്യം കൂടി ഏറ്റെടുക്കാൻ എന്നെ പ്രാപ്തനാക്കിയത് പുതിയ ഈ കോഴിക്കോടൻ അനുഭവമാണ്. അതുകൊണ്ടാണ് *മാതൃഭൂമി* പത്രാധിപർ ആവശ്യപ്പെട്ടപ്പോൾ മലയാളത്തിൽ ഇതേവിഷയം കൈകാര്യം ചെയ്യാമെന്ന് ഞാൻ തീരുമാനിച്ചത്. ഫലം കുറെയൊക്കെ *മാതൃഭൂമി* വായനക്കാർ അന്നു തന്നെ പ്രതികരണങ്ങളിലൂടെ അറിയിച്ചിരുന്നു. ശ്രീ ഗോപാലകൃഷ്ണൻ *മാതൃഭൂമി* വിട്ടുപോയശേഷം ഉണ്ടായ നിർഭാഗ്യകരമായ ചില അനുഭവങ്ങൾ നിമിത്തം ആ കോളം ഞാൻ ഉപേക്ഷിക്കുകയാണുണ്ടായത്.



നാമെന്തിനാണ് കഴിഞ്ഞ കാലങ്ങളിലേക്ക് തിരിച്ചെത്തി നോക്കാൻ ആഗ്രഹിക്കുന്നത്. കേവല ജിജ്ഞാസ സ്വന്തം നാടിന്റെ ചരിത്രമാവുമ്പോൾ നമ്മുടെ പൂർവികന്മാർ നേരിട്ട പ്രശ്നങ്ങൾ, അവരുടെ സുഖദുഃഖങ്ങൾ, ഇന്നത്തെ സ്ഥാപനങ്ങളും സമ്പ്രദായങ്ങളുമായി അവക്കുള്ളബന്ധ വൈജാത്യങ്ങൾ ഇതെല്ലാം തിരിച്ചറിയാൻ ആളുകൾ ശ്രമിക്കുന്നു. കൂടാതെ ചരിത്രഗതി മനസ്സിലാക്കി പാഠങ്ങൾ പഠിക്കാനും തെറ്റുകൾ ആവർത്തിക്കാതിരിക്കാനും സഹായകമായേക്കാം. പക്ഷേ, കാലത്തിലൂടെയുള്ള ഈ തിരിച്ചുപോക്കിന് പല പരിമിതികളുമുണ്ട്. എല്ലാം അറിയാൻ ഏതായാലും സാധിക്കില്ല. പലതും പലരും എഴുതിവെച്ചതിൽനിന്ന് അവരുടെ കണ്ണിലൂടെ, താൽപര്യങ്ങളിലൂടെ, കാണുന്ന യാഥാർഥ്യങ്ങൾ നിറംപിടിപ്പിച്ചതായിരിക്കും. അവ കാണിച്ചുതരുന്നയാളുടെ മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും ഭാഷാശൈലികളും കാഴ്ച മറക്കുകയോ തെളിയിക്കുകയോ ചെയ്യാം. ഇത്രയൊക്കെ ബുദ്ധിമുട്ടിയാലും ഇത് രസകരമായ സാഹസികാനുഭവം തന്നെയാണ്. അനന്തമായ തർക്കങ്ങളും ചരിത്രചർച്ചയുടെ ഭാഗമായി നീണ്ടുപോകുന്നു.

കോഴിക്കോട്ടെ മതസൗഹാർദ്ദം യാദൃശ്ചികമല്ല. കേരളമാകെത്തന്നെ പലതായി മുറിഞ്ഞുകിടന്ന ചെറുനാടുകളായത്, നിമ്നോന്നതമായ നിലങ്ങളും നിബിഢ വനങ്ങളും ഉള്ളതുകൊണ്ടാണ്. ഒരു ഗംഗാ തടത്തെപ്പോലെയോ വൈകൈ തടത്തെപ്പോലെയോ മിച്ചോൽപാദനത്തിലൂടെ സമ്പത്തിന്റെയും സൈന്യത്തിന്റെയും കേന്ദ്രീകരണം ഇവിടെ സാധ്യമായിരുന്നില്ല. നീണ്ട മഴക്കാലവും നിറഞ്ഞ പുഴകളും ആന, കുതിര മുതലായവയുടെ നീക്കം തടസ്സപ്പെടുത്തി. ചെറിയ നാടുകളുടെ നാഥന്മാർക്ക് ഏറ്റവും വലിയ വരുമാനം കടൽ കച്ചവടത്തിലൂടെയാണ് വന്നുചേർന്നത്. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ(മുചിരി), തൊണ്ടി, കോഴിക്കോട്, കൊയിലാണ്ടി, തലശ്ശേരി, ഏഴിമല തുടങ്ങി ഒട്ടേറെ സ്വാഭാവിക തുറമുഖങ്ങൾ ഉണ്ടായിരുന്നു. കാലവർഷക്കാറ്റുകൾ പായക്കപ്പലുകൾക്ക് മുറതെറ്റാതെ കൊല്ലത്തിൽ നാലു മാസം കിഴക്കോട്ടും അതുകഴിഞ്ഞൊരിടവേള തൊടുത്ത് പിന്നീട് പടിഞ്ഞാട്ടും പോകുന്ന ഒരു 'ഫ്രീ ട്രാൻസ്പോർട്ട് സർവീസ്' ഏർപ്പെടുത്തുകയും ചെയ്തു. ലോകത്തിൽ കുരുമുളകിന്റെയും ചന്ദനത്തിന്റെയും മറ്റും കുത്തക പതിനെട്ടാം ശതകം വരെ കേരളത്തിന് പ്രകൃതി കനിഞ്ഞുനൽകിയ ഒരനുഗ്രഹമാണ്. ഈ പശ്ചാത്തലത്തിലാണ്

ജൂതർ, സിറിയൻ ക്രിസ്ത്യാനികൾ, അറബി മുസ്‌ലിംകൾ, ചൈനക്കാർ, പറങ്കികൾ, ലന്തക്കാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിങ്ങനെ പല മതക്കാരും ഭാഷക്കാരും നാട്ടുകാരുമായ വ്യാപാരികൾ ആദ്യം മുതൽക്കേ മലബാറിൽ എത്തുകയും അവരെയെല്ലാം ഈ നാട്ടിലെ രാജാക്കന്മാരും പ്രജകളും മത്സരബുദ്ധിയോടെ സൽകരിച്ച് സമഭാവേന കുടിയിരുത്തുകയും ചെയ്തത്. ഈ സവിശേഷമായ സന്ദർഭം കേരളത്തെ മതസൗഹൃദത്തിന്റെ മഹാകേന്ദ്രമാക്കിത്തീർത്തു. ഇതാണ് കോഴിക്കോടിന്റെ സന്ദേശം. ഇതു കാത്തുസൂക്ഷിക്കാനും ലോകത്ത് സംഭാവന ചെയ്യാനും ചരിത്ര പഠനം സഹായിക്കുന്നു.

*മാതൃഭൂമി* പത്രാധിപരായിരുന്ന ശ്രീ. ഗോപാലകൃഷ്ണന്റെ ആവശ്യപ്രകാരം ആ പത്രത്തിന്റെ *കോഴിക്കോട് നഗരം* പതിപ്പിനുവേണ്ടി എഴുതിയ ലേഖനങ്ങളാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്. 'പൂന്തുറക്കോന്റെ ആയിരം പെണ്ണുങ്ങൾ' മാത്രം *മാധ്യമം* ആഴ്ചപ്പതിപ്പിനു വേണ്ടി എഴുതിയ ലേഖനം ചേർത്ത് വികസിപ്പിച്ചതാണ്. ലേഖനങ്ങൾ കൃത്യമായി എത്തിക്കുന്നതിലും അവക്കുവേണ്ട ചിത്രങ്ങൾ സംഘടിപ്പിക്കുന്നതിലും പ്രത്യേകം താൽപര്യമെടുത്ത *മാതൃഭൂമി*യുടെ പ്രധാന റിപ്പോർട്ടർ ശ്രീ. ജ്യോതികുമാറിനോടും ഇവ പുസ്തക രൂപത്തിൽ കൊണ്ടുവരാൻ പ്രയത്നിച്ച പ്രതീക്ഷ ബുക്സിനോടും പ്രത്യേകിച്ച് ശ്രീ. സമദ് കുന്നക്കാവിനോടും ഉള്ള കടപ്പാട് പ്രത്യേകം ഇവിടെ രേഖപ്പെടുത്തുന്നു.

# അകം


- കോഴിക്കോടിന്റെ പിറവി
- സാമ്രാജ്യത്വം, അധിനിവേശം
- ചെറുത്തുനിൽപ്പു പോരാട്ടങ്ങൾ
- സഞ്ചാരികൾ കണ്ട കോഴിക്കോട്
- കോഴിക്കോടൻ ക്ഷേത്രചരിത്രം
- കോഴിക്കോടൻ പഴമകൾ




ഭാഗം 1

# കോഴിക്കോടിന്റെ പിറവി


പെരുമാക്കളുടെ പതനം: കോഴിക്കോടിന്റെ ഉദയം 17

ഒരു ചതിയും ഒളിച്ചോട്ടവും 22

ചാലപ്പുറത്തമ്മയുടെ സദുപദേശം 27

കേരള ചരിത്രത്തിൽ ഒരു ചുവടുമാറ്റം 32

സാമൂതിരിപ്പാടിന്റെ സുവർണകാലം 37

ഇസ്ലാമിക സഖ്യത്തിലെ ഹിന്ദുരാജാവ് 41


## പെരുമാക്കളുടെ പതനം കോഴിക്കോടിന്റെ ഉദയം

ഒന്നിന്റെ പതനം മറ്റൊന്നിന്റെ ഉദയത്തിന് വഴികാട്ടുന്നു. ഊരാളന്റെ ആഘോഷം കാരാളന്റെ സങ്കടമായി മാറുന്നു; ഊരാളന്റെ മിത്രമായ വാമനൻ മറ്റവന്റെ ശത്രുവായി തരംതാഴുന്നു, ശത്രുവായ മഹാബലി മിത്രമായി ഉയരുകയും ചെയ്യുന്നു. സാമ്രാജ്യത്തിന്റെ വിജയം കോളനിയുടെ പരാജയവും കോളനിയുടെ വിജയം സാമ്രാജ്യത്തിന്റെ പരാജയവും ആവുമ്പോൾ നാം സ്വാതന്ത്ര്യം കൊണ്ടാടുന്നു. അങ്ങനെയാണ് ലോകം. കേരളത്തിന്റെ ചരിത്രത്തിലും അതാണ് കാണപ്പെടുന്നത്: മാറ്റങ്ങൾ, വൈരുധ്യങ്ങൾ.

കൊടുങ്ങല്ലൂർ ഏറെക്കാലം തിളങ്ങി നിന്നു. ആ പരിസരത്തിലെങ്ങാണ്ട് ആയിരുന്നു തുറമുഖമായ മുസിരിസ് എന്ന മുചിരിപട്ടണം. പ്രാചീന കാലത്തും പെരുമാക്കളുടെ കാലത്തും അതായിരുന്നു കഥ. പിന്നെ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാടുവാഴികൾ പെരുമാളെ ധിക്കരിക്കാൻ തുടങ്ങി. പെരുമാൾപദം നൽകി പഴയ ചേരവംശജനെ ആദരിച്ച കേരള ബ്രാഹ്മണ ഗ്രാമസംഘങ്ങൾ തന്നെ ആ സ്ഥാനത്തിനെതിരായി ഉപജാപം തുടങ്ങി. അവസാനത്തെ പെരുമാൾ 'തോറ്റു തൊപ്പിയിട്ടു' മക്കത്തുപോയി മാപ്പിളമാരുടെ മതം സ്വീകരിച്ചു. ആ കോലാഹലത്തെത്തുടർന്ന് അതുവരെ സാമന്തരായിരുന്ന നാടുവാഴികളെല്ലാം സ്വതന്ത്രരായി. പിന്നീട് നാലുനൂറ്റാണ്ടോളം പുതുതായി സ്ഥാപിക്കപ്പെട്ട കോഴിക്കോടിന്റെ ജൈത്രയാത്രയായിരുന്നു.

നമ്മുടെ നാട്ടിലെ ആ മർമപ്രധാനമായ സംഭവങ്ങളെക്കുറിച്ച്, കേരള സ്വഭാവ രൂപീകരണത്തിൽ നിർണായകമായ സംഭാവന ചെയ്ത ആ ഘട്ടത്തെക്കുറിച്ച് നിർഭാഗ്യവശാൽ നമുക്ക് നേരിട്ടു അധികമൊന്നും അറിഞ്ഞുകൂടാ. കേരള ചരിത്രത്തിലെ ഒരേയൊരു മഹാസംഭവമായി, ആലങ്കാരിക ഭാഷയിൽ, പെരുമാൾ അപ്രത്യക്ഷമായതിനെ കുറിച്ച് വില്യം